ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തിരുവനന്തപുരത്ത്. മൂന്ന് അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾക്ക് തുടക്കം കുറിക്കും.

   Prime Minister Narendra Modi to visit Thiruvananthapuram today, PM to inaugurate three Amrit Bharat Express trains.

2. പുത്തരിക്കണ്ടം മൈതാനിയിൽ രണ്ടു വ്യത്യസ്ത പരിപാടികളിൽ പ്രധാനമന്ത്രി പങ്കെടുക്കും. സുരക്ഷാ ക്രമീകരണത്തിൻറെ ഭാഗമായി നഗരത്തിൽ ഗതാഗത നിയന്ത്രണം.

   Prime Minister will participate in two separate programmes at Putharikandam Maidan; traffic restrictions have been enforced across the city due to security measures.

3. രാജ്യത്ത് ഊർജ്ജ പരിവർത്തനത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചതായി കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി.

**India's energy transition has helped create increased employment opportunities: Union Minister Pralhad Joshi.**

4. ജമ്മു കശ്മീരിലെ ദോഡ ജില്ലയിലുണ്ടായ വാഹനാപകടത്തിൽ പത്ത് ഇന്ത്യൻ സൈനികർക്ക് വീരമൃത്യു.

**Ten Indian Army personnel lost their lives in a road accident in the Doda district of Jammu and Kashmir.**

5. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

**Chief Minister Pinarayi Vijayan to formally launch the construction of the second phase of the Vizhinjam Port development tomorrow.**

6. ഇന്തോനേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ പി.വി. സിന്ധുവും ലക്ഷ്യ സെന്നും ക്വാർട്ടർ ഫൈനലിൽ.

**Indian shuttlers P. V. Sindhu and Lakshya Sen have advanced to the quarterfinals of the Indonesia Masters Badminton Tournament..**

## PM VISIT ARRANGEMENTS(INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ കേരള സന്ദർശനത്തിനായി ഇന്ന് തിരുവനന്തപുരത്ത് എത്തും. പുത്തരിക്കണ്ടം മൈതാനിയിൽ രണ്ടു വ്യത്യസ്ത പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. സന്ദർശത്തോടനുബന്ധിച്ച് തലസ്ഥാനത്ത് സുരക്ഷ കർശനമാക്കിയിട്ടുണ്ട്.

വിശദാംശങ്ങളിലേക്ക്.......

(ഹോൾഡ് വോയ്സ്....)

## PM VISIT ARRANGEMENTS(VOICE)

പുതിയ ട്രെയിൻ സർവീസുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി രവനീത് സിംഗ് ബിട്ടുവും കൊച്ചുവേളിയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്രസഹമന്ത്രി വി സോമണ്ണയും പങ്കെടുക്കും. തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും പ്രധാനമന്ത്രി നിർവ്വഹിക്കും. നഗര ഉപജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, തെരുവ് കച്ചവടക്കാർക്ക് വേണ്ടിയുള്ള 'പിഎം സ്വനിധി

ക്രെഡിറ്റ് കാർഡ് അദ്ദേഹം പുറത്തിറക്കും. യുപിഐയുമായി ബന്ധിപ്പിച്ചിട്ടുള്ള പലിശരഹിത ക്രെഡിറ്റ് സൗകര്യം കച്ചവടക്കാർക്ക് പെട്ടെന്നുള്ള പണലഭ്യത ഉറപ്പാക്കുകയും ഡിജിറ്റൽ ഇടപാടുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. തിരുവനന്തപുരത്തെ സിഎസ്ഐആർ-എൻഐഐഎസ് ടി ഇന്നൊവേഷൻ, ടെക്നോളജി ആൻഡ് എന്റർപ്രണർഷിപ്പ് ഹബ്ബിന്റെ തറക്കല്ലിടൽ നിർവ്വഹിക്കുന്ന പ്രധാനമന്ത്രി ശ്രീചിത്രയിൽ അത്യാധുനിക റേഡിയോ സർജറി സെന്ററിനും ഇന്ന് തറക്കല്ലിടും. കൂടാതെ, തിരുവനന്തപുരത്തെ പുതിയ പൂജപ്പുര ഹെഡ് പോസ്റ്റ് ഓഫീസും ശ്രീ നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.

ന്യൂസ് ഡെസ്ക് ആകാശവാണി

**TRAFIC RESTRICTIONS**

പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് തലസ്ഥാനത്ത് സുരക്ഷാസന്നാഹങ്ങൾ ശക്തമാക്കി. രാവിലെ 07.00 മണിമുതൽ ഉച്ചയ്ക്ക് 02.00 മണിവരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഡൊമസ്റ്റിക് എയർപോർട്ട് - ശംഖുമുഖം --ചാക്ക –പേട്ട-പള്ളിമുക്ക്-പാറ്റൂർ-ജനറൽ ആശുപത്രി- പാളയം - സ്റ്റാച്യു- ആയുർവേദ കോളേജ്- ഓവർബ്രിഡ്ജ്- മേലെ പഴവങ്ങാടി- ഈഞ്ചയ്ക്കൽ - മിത്രാനന്ദപുരം - എസ് പി ഫോർട്ട് - ശ്രീകണ്ഠേശ്വരം പാർക്ക്

- തകരപ്പറമ്പ് മേൽപ്പാലം- പവർഹൌസ് ജംഗ്ഷൻ- ചൂരക്കാട്ട്പാളയം വരെയാണ് നിയന്ത്രണം. ഈ സമയം റോഡിന്റെ ഇരുവശത്തും വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടില്ല. പ്രധാനമന്ത്രിയുടെ യാത്രാസമയത്ത് പ്രധാന റോഡുകളിൽ ഗതാഗതം അനുവദിക്കില്ല.

## NEW TRAINS FOR KERALA(INTRO)

സംസ്ഥാനത്തെ റെയിൽ ഗതാഗത രംഗത്തെ കൂടുതൽ ശക്തമാക്കുന്ന രീതിയിലുള്ള മൂന്ന് അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾക്കാണ് ഇന്നു തുടക്കം കുറിക്കുന്നത്. ഇതടക്കം നാലു ട്രെയിനുകളാണ് പ്രധാനമന്ത്രി ഇന്ന് തിരുവനന്തപുരത്തു നടക്കുന്ന ചടങ്ങിൽ ഫ്ളാഗ് ഓഫ് ചെയ്യുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.........***

***(വോയിസ്)***

## GURUVAYUR – THRISSUR RAIL SERVICE

കോവിഡ് പ്രതിസന്ധിയെത്തുടർന്ന് നിർത്തിവെച്ചിരുന്ന ഗുരുവായൂർ-തൃശ്ശൂർ റെയിൽ സർവീസ് ഇന്ന് മുതൽ പുനരാരംഭിക്കുന്നു. ഇന്ന് പ്രധാനമന്ത്രി ഓൺലൈൻ ആയി

ഉദ്ഘാടനം ചെയ്യുന്നതോടെ 10.30 ന് തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ വച്ച് കേന്ദ്രമന്ത്രി സുരേഷ് ഗോപി ഫ്ലാഗ് ഓഫ് ചെയ്യും.

## JOSHI-DAVOS

രാജ്യത്ത് ഊർജ്ജ പരിവർത്തനത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ആഗോള മത്സരശേഷി കൈവരിക്കാനും വ്യവസായവൽക്കരണം സാധ്യമാക്കാനും സാധിക്കുന്നതായി കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി. വളർന്നുവരുന്ന സമ്പദ്‌വ്യവസ്ഥകൾക്ക് പുനരുപയോഗ ഊർജ മേഖല മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു. ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ശുദ്ധ ഊർജം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാൻ സർക്കാരിന് സാധിച്ചതായും ശ്രീ ജോഷി പറഞ്ഞു.

## JAISHANKAR- EU

ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധം ശക്തമാകുന്നതോടെ ലോക സമ്പദ് വ്യവസ്ഥയിലെ പ്രതിസന്ധികൾ കുറയുമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ന്യൂഡൽഹിയിൽ യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുടെ അംബാസിഡർമാരുമായി സംവദിക്കുകയായിരുന്നു

അദ്ദേഹം. ആഗോള തലത്തിൽ സുസ്ഥിരതയും സുരക്ഷയും ഉറപ്പാക്കാൻ ഇതിലൂടെ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## DODA-ACCIDENT

ജമ്മു കശ്മീരിലെ ദോഡ ജില്ലയിലുണ്ടായ വാഹനാപകടത്തിൽ പത്ത് ഇന്ത്യൻ സൈനികർക്ക് ജീവൻ നഷ്ടമായി. 11 പേർക്ക് പരിക്കേറ്റു. ഭദർവ-ചംബ അന്തർസംസ്ഥാന പാതയിലെ ഒൻപതിനായിരം അടി ഉയരമുള്ള ഖാനി ടോപ്പിൽ നിന്ന് സൈനിക ട്രക്ക് കൊക്കയിലേക്ക് മറിയുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ പത്ത് സൈനികരെ വിദഗ്ധ ചികിത്സയ്ക്കായി ഉധംപൂരിലെ കമാൻഡ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. സൈനികർ രാജ്യത്തിനായി നൽകിയ സേവനം എന്നും ഓർമ്മിക്കപ്പെടുമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

## JHARKHAND-MAOISTS ENCOUNTER

ഝാർഖണ്ഡിലെ പടിഞ്ഞാറൻ സിംഗ്ഭം ജില്ലയിൽ മാവോയിസ്റ്റും സുരക്ഷാ സേനയും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 15 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. സർക്കാർ

ഒരു കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്ന മാവോയിസ്റ്റ് നേതാവ് പഥീറാം മാഞ്ചിയും കൊല്ലപ്പെട്ടവരിൽ ഉൾപ്പെടുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## VAISHNAW - DAVOS-INTRO

ഇന്ത്യയെ വിശ്വസനീയ പങ്കാളിയും സമഗ്ര വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഊർജ്ജസ്വലമായ ജനാധിപത്യ രാജ്യവുമായാണ് ലോകം കാണുന്നതെന്ന് ഇലക്ട്രോണിക്സ്, ഐടി മന്ത്രി അശ്വിനി വൈഷ്ണവ്. പുതിയ സാങ്കേതികവിദ്യകൾ സൃഷ്ടിക്കാനും വികസിപ്പിക്കാനും സഹകരിച്ച് പ്രവർത്തിക്കാനും കഴിയുന്ന രാജ്യമായി ഇന്ത്യയെ ലോകം വിശ്വസിക്കുന്നതായും അദ്ദേഹം പറഞ്ഞു. സ്വിറ്റ്സർലൻഡിലെ ദാവോസിൽ ലോക സാമ്പത്തിക ഫോറത്തോടനുബന്ധിച്ച് സ്വകാര്യ മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു ശ്രീ വൈഷ്ണവ്.

(വോയ്സ്..........)

❁❁❁❁❁❁❁❁❁❁❁❁❁

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും

MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് വരെ അറിയിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## VIZHINJAM

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് മന്ത്രി വി എൻ വാസവൻ. ചടങ്ങിൽ കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയായിരിക്കും. വിഴിഞ്ഞത്തെ ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെൻറ് ഹബ് ആക്കാനാണ് ശ്രമമെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## SARBANANDA SONOWAL

കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി സർബാനന്ദ സോനോവാൾ ഇന്ന് കൊച്ചിയിൽ. ഉൾനാടൻ ജലപാത വികസന കൗൺസിലിന്റെ മൂന്നാം യോഗത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## BADMINTON-INDONESIA MASTERS

ജക്കാർത്തയിൽ നടക്കുന്ന ഇന്തോനേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ പി.വി. സിന്ധുവും

ലക്ഷ്യ സെന്നും ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. വനിതാ സിംഗിൾസിൽ, ഡെൻമാർക്ക് താരത്തെ പരാജയപ്പെടുത്തിയാണ് സിന്ധു ക്വാർട്ടറിൽ പ്രവേശിച്ചത്. പുരുഷ സിംഗിൾസിൽ, ഹോങ്കോങ് താരത്തെയാണ് ലക്ഷ്യ പരാജയപ്പെടുത്തിയത്.

## CRICKET–WPL

ഇന്നലെ വഡോദരയിൽ നടന്ന വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് മത്സരത്തിൽ ഗുജറാത്ത് ജയന്റ്സ് യുപി വാരിയേഴ്സിനെ 45 റൺസിന് പരാജയപ്പെടുത്തി. ഗുജറാത്ത് ജയന്റ്സ് ഉയർത്തിയ 154 റൺസിന്റെ വിജയലക്ഷ്യം പിന്തുടർന്ന യുപി 17.3 ഓവറിൽ 108 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു. ഗുജറാത്തിന്റെ രാജേശ്വരി ഗെയ്ക്വാഡ് ആണ് പ്ലെയർ ഓഫ് ദി മാച്ച്.

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയിൻ മേലുള്ള പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം. കരട് എസ്ഐആർ റോളിൽ നിന്ന് പേരുകൾ ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷിക്കണം. വിദേശ വോട്ടർമാർ ഫോം 6എ

സമർപ്പിക്കണം. അന്തിമ എസ്ഐആർ വോട്ടർ പട്ടിക അടുത്തമാസം 21 ന് പ്രസിദ്ധീകരിക്കും.

## SABARIMALA

ശബരിമലയിൽ മകരവിളക്ക് മഹോത്സവത്തിന് അയ്യപ്പന് ചാർത്തിയ തിരുവാഭരണങ്ങൾ വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര ഇന്ന് രാവിലെ പന്തളത്ത് മടങ്ങിയെത്തും. തിരുവാഭരണ പെട്ടികൾ ദേവസ്വംബോർഡ് അധികൃതരിൽനിന്ന് പന്തളം കൊട്ടാരം നിർവാഹകസംഘം ഭാരവാഹികൾ ഏറ്റുവാങ്ങും. പിന്നീട് സ്രാമ്പിക്കൽ കൊട്ടാരത്തിലെ സുരക്ഷിത മുറിയിലേക്ക് മാറ്റും.

## PRAGATI SPECIAL STORY

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കംകുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടുകഴിഞ്ഞു. ജയ്പൂർ-സിക്കാർ-ചുരു ഗേജ് പരിവർത്തന പദ്ധതി ഈ സംരംഭത്തിന്റെ ഫലപ്രാപ്തി വ്യക്തമാക്കുന്നു. നോർത്ത് വെസ്റ്റേൺ റെയിൽവേ നടപ്പിലാക്കുന്ന രാജസ്ഥാനിലെ ഒരു പ്രധാന റെയിൽ അടിസ്ഥാന സൗകര്യ സംരംഭമാണ് ജയ്പൂർ-സിക്കാർ-ചുരു ഗേജ് പരിവർത്തന പദ്ധതി. ഭൂമി ഏറ്റെടുക്കലുൾപ്പെടെയുള്ള പ്രശ്നങ്ങൾ കാരണം വൈകിയ

പദ്ധതി, 2016 ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഗതിയുടെ കീഴിൽ അവലോകനം ചെയ്യുകയും തടസ്സങ്ങൾ പരിഹരിക്കുകയായിരുന്നു. തുടർന്ന് 2019 ഏപ്രിലിൽ ബ്രോഡ്-ഗേജ് ഇടനാഴി വിജയകരമായി കമ്മീഷൻ ചെയ്യുകയും ചെയ്തു.